കൊട്ടാരക്കര നഗരസഭ കാര്യാലയം
പുലമൺ(പി.ഒ), കൊട്ടാരക്കര, പിൻ-691531
ഫോൺ-0474 2452366 email-kottarakaramp@gmail.com

H1-11920/23 03.01.2024

പ്രേഷകൻ

സെക്രട്ടറി
കൊട്ടാരക്കര മുനിസിപ്പാലിറ്റി

സ്വീകർത്താവ്

ഇന്റേണൽ വിജിലൻസ് ഓഫീസർ-2 &
കൺവീനർ
ഉപജില്ലാ അദാലത്ത് സമിതി-2
തദ്ദേശ സ്വയംഭരണ വകുപ്പ്
കൊല്ലം

സർ,

വിഷയം : കൊട്ടാരക്കര നഗരസഭ - നവകേരള സദസ്സിൽ നൽകിയ അപേക്ഷക്കുള്ള മറുപടി നൽകുന്നത് - സംബന്ധിച്ച്.
സൂചന : ശ്രീ.ഷിജോ.ബി.കവലയിൽ (ഡയറക്ടർ), കൊട്ടാരം സിൽക്സ്, കച്ചേരി ജംഗ്ഷൻ അദാലത്ത് പോർട്ടലിൽ സമർപ്പിച്ച പരാതി.

കൊട്ടാരക്കര നഗരസഭയിൽ 25-ാം വാർഡിൽ ഗണപതി ക്ഷേത്രത്തിനു സമീപം NH-ന്റെ സൈഡിലായി സ്ഥിതി ചെയ്യുന്ന കെട്ടിടത്തിലാണ് 'കൊട്ടാരം സിൽക്സ്' എന്ന സ്ഥാപനം പ്രവർത്തിക്കുന്നത്.ടി കെട്ടിടത്തിന് 01/02/2016-ൽ നൽകിയ കംപ്ലീഷൻ പ്ലാൻ പ്രകാരം 2334 m2 ഏരിയയാണുള്ളത്.

Letter No. G1/113/18/D1 DTD 17/07/2018 ആയി കൊട്ടാരക്കര പോലീസ് സ്റ്റേഷനിലെ ബഹു.SHO ബഹുമാനപ്പെട്ട കൊല്ലം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിൽ അയച്ചുകിട്ടിയ കൊല്ലം നീലേശ്വരം കുറ്റിവിളവീട്ടിൽ കെ.തോമസ് കുട്ടിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ നഗരസഭാ സെക്രട്ടറിക്ക് കത്ത് നല്കിയിട്ടുള്ളതാണ്. ടി പരാതിയിൽ പ്രതിപാദിച്ചിരിക്കുന്നത് കേസിനാസ്പദമായ കെട്ടിടത്തിൻറെ അനധികൃത നിർമാണത്തെപ്പറ്റിയും പാർക്കിംഗ് സൗകര്യം ലഭ്യമല്ലാത്തതിനെപ്പറ്റിയുമാണ്. ആയതിനാൽ അനധികൃത നിർമാണത്തെപ്പറ്റിയും മതിയായ വാഹനപാർക്കിംഗ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോയെന്നും പരിശോധിക്കേണ്ടതും ഇല്ലായെങ്കിൽ സ്ഥാപനത്തിന് നോട്ടീസ് നല്കി അടിയന്തിര നടപടി സ്വീകരിക്കണമെന്നും കത്തിൽ ആവശ്യപ്പെട്ടു. ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്തുകയും കംപ്ലീഷൻ പ്ലാനിൽ നിന്നും അധികരിച്ചു നിർമ്മാണം നടത്തിയിട്ടുള്ളതായി കണ്ടെത്തുകയും ആവശ്യമായ പാർക്കിംഗ് ലഭ്യമല്ലാത്തതും FAR, COVERAGE എന്നിവ അധികരിച്ചിട്ടുള്ളതും ഡിസേബിൾഡ് റാമ്പ് ഇല്ലാത്തതും ആവശ്യമായ സാനിറ്റേഷൻ സൗകര്യങ്ങൾ ഇല്ലാത്തതും side open space കുറവാണെന്നും front open space ലും (3m x 1.5m ) side open space - ലും (1.8m x 1.2m - north side ) അനധികൃത നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ടെന്ന് കണ്ടെത്തുകയും ആയത് E2/10201/18 dated 30/08/2018-നു അറിയിപ്പായി അപേക്ഷകനെ അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്. കൂടാതെ

അനധികൃതനിർമ്മാണം പൊളിച്ചുനീക്കുന്നതിനുള്ള താത്ക്കാലിക ഉത്തരവ് നഗരസഭാ സെക്രട്ടറി പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

30/08/2018 മുതൽ തന്നെ ടി കെട്ടിടത്തിന്റെ ചട്ടലംഘനങ്ങൾ കക്ഷിയെ അറിയിച്ചിട്ടുള്ളതും ഹിയറിംഗ് നടത്തി നേരിട്ട് ബോധിപ്പിച്ചിട്ടുള്ളതുമാണ്. വിജിലൻസ് റിപ്പോർട്ടിൽ പരാമർശിക്കുന്ന ചട്ട ലംഘനങ്ങൾ എല്ലാം നിലവിൽ പരിഹരിച്ചിട്ടില്ലാത്തതും കക്ഷി ആയത് പരിഹരിക്കുവാൻ തയ്യാറാകാത്തതുമാണ്. ആയതിനാലാണ് അനധികൃത നിർമാണത്തിനെതിരെയുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത് എന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

വിശ്വസ്തതയോടെ,

സെക്രട്ടറി
കൊട്ടാരക്കര നഗരസഭ